D 73237 (Pages : 2) Name.....................................

Reg. No.....................................

# FIRST SEMESTER B.A./B.Sc. DEGREE EXAMINATION, NOVEMBER 2019

(CBCSS–UG)

Malayalam

MAL 1A 07 (1)—MALAYALA SAHITHYAM – I

(2019 Admissions)

Time : Two Hours and a Half Maximum : 80 Marks

## Section A

രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.

2 മാർക്ക് വീതമുള്ള 15 ചോദ്യങ്ങൾ.

പരമാവധി മാർക്ക് 25.

1. "മായാവിഹീനമീവണ്ണമുറപ്പിച്ചു
പോയാലുമെങ്കിൽ സുഖമായ് വരിക തേ"
—ആരുടെ വാക്കുകൾ ? വിവക്ഷിതമെന്ത് ?
2. "ഇന്നിതു തോന്നുവാനെന്തൊരു കാരണം" തോന്നിയതെന്ത് ? വ്യക്തമാക്കുക.
3. "വല്ലവിമാരുടെ കണ്ണിനുമുള്ളിനും
ഉല്ലാസം നല്കിനാരല്ലൽ നീക്കി"
—എപ്രകാരമാണ് അല്ലൽ നീക്കിയത് ?
4. "ജീവനും കൂടാതെ കേവലം ഭൂമിയിൽ
പാവകൾ വീണു കിടക്കും പോലെ"
—സൂചിതം വ്യക്തമാക്കുക.
5. "വൃത്തിയും കെട്ടു ധൂർത്തരായെപ്പോഴും
അർത്ഥത്തെക്കൊതിച്ചെത്ര നശിക്കുന്നു !"
—കവി വിവക്ഷിതമെന്ത് ?
6. "കുങ്കുമത്തിന്റെ ഗന്ധമറിയാതെ
കുങ്കുമം ചുമക്കുമ്പോലെ ഗർദ്ദഭം"
—കല്പനയുടെ ഔചിത്യം എഴുതുക.
7. മാപ്പിളപ്പാട്ട് എന്നാലെന്ത് ?
8. നാടൻപാട്ടിന്റെ രണ്ട് പ്രത്യേകത എഴുതുക.
9. "അക്കിഴവച്ചാർക്കിന്നും പടകളിൽ
വക്കാണിപ്പാനൊരു കുറവില്ല"
—സാരസ്യം വ്യക്തമാക്കുക.

Turn over

10. "ഇന്നു മുതൽ നീ മൈഥിലി പരമാണിക് അല്ല. മൈഥിലി ഗരാമി " ആരാണിങ്ങനെ പറഞ്ഞത് ?സന്ദർഭം വ്യക്തമാക്കുക.

11. "തെമ്മാടിത്തറവാട്ടില് ജനിച്ചോല്ലാ,

അല്ലാ, എന്റെ അവസ്ഥകൾ അറിയുന്നോർ ഉമൈ അല്ലോ"

—വക്താവാര് ? വിവക്ഷിക്കുന്നതെന്ത് ?

12. "ഒരുപക്ഷേ വീട്ടമ്മയുടെ ദുരന്തത്തിന് ഇദ്ദേഹവും ഒരു രേഖപ്പെടുത്താത്ത കാരണമാണ് ?' സൂചിതം വ്യക്തമാക്കുക.

13. "നോക്ക്, സീതേ ഈ വേദാന്തമൊക്കെ വയസ്സുകാലത്തേ കൊള്ളാവൂ "ആരുടെ വാക്കുകൾ ? ഏതു വേദാന്തത്തെപ്പറ്റിയാണ് പറയുന്നത് ?

14. തുള്ളൽ എന്ന കലാരൂപത്തിന്റെ വകഭേദങ്ങൾ ഏതെല്ലാം ? അവയുടെ പ്രത്യേകത എഴുതുക.

15. കാരൂർക്കഥകളെ ശ്രദ്ധേയമാക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണ് ?

## Section B

ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

5 മാർക്ക് വീതമുള്ള 8 ചോദ്യങ്ങൾ.

പരമാവധി മാർക്ക് 35.

16. "കുറ്റം കൂടാതുള്ള നരന്മാർ

കുറയും ഭൂമിയിലെന്നുടെ താത"

—ആരുടെ വാക്കുകൾ ? വിവക്ഷിതം എന്ത് ?

17. എഴുത്തച്ഛന്റെ കാവ്യഭാഷയുടെ പ്രത്യേകതകൾ പാഠ്യഭാഗത്തെ ആധാരമാക്കി വിവരിക്കുക.

18. നാടൻപാട്ടുകളിൽ പ്രകടമാകുന്ന കാവ്യസൗന്ദര്യത്തെപ്പറ്റി വിശദീകരിക്കുക.

19. 'ഡബിൾ ആക്ട് 'എന്ന കഥയിൽ നിന്ന് വായിച്ചെടുക്കാവുന്ന സ്ത്രീപക്ഷനിലപാടെന്ത് ?

20. വനത്തിലേക്ക് പോകാൻ തയ്യാറായ രാമനോട് പൗരവാസികൾ പ്രതികരിച്ചതെങ്ങനെ ?

21. ഉണ്ണിയാർച്ചയെ അവിസ്മരണീയ കഥാപാത്രമാക്കുന്ന ഗുണവിശേഷങ്ങൾ എന്തൊക്കെ ?

22. കാരൂർക്കഥകളുടെ എന്തെല്ലാം പ്രത്യേകതകളാണ് 'മോതിര'ത്തിൽ കാണാനാവുന്നത് ?

23. 'ഉള്ളുരുക്കം' എന്ന കഥയുടെ ഇതിവൃത്തം ചുരുക്കി എഴുതുക.

## Section C

ഏതെങ്കിലും **രണ്ട്** ചോദ്യത്തെക്കുറിച്ച് മൂന്നു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.

24. കുഞ്ചൻനമ്പ്യാരുടെ ഹാസ്യാവിഷ്കരണത്തിന്റെ സവിശേഷതകൾ പാഠ്യഭാഗത്തെ ആധാരമാക്കി വിവരിക്കുക.

25. പുലിക്കോട്ടിൽ ഹൈദറുടെ പാട്ടുകൾ മാപ്പിളപ്പാട്ടിന്റെ പൊതുസ്വഭാവത്തിൽ നിന്ന വ്യതിചലിക്കുന്നുണ്ടോ ? വിലയിരുത്തുക.

26. രാച്ചിയമ്മ എന്ന കഥാപാത്രത്തിന്റെ സ്വഭാവം നിരൂപണം ചെയ്യുക.

27. 'തന്തത്താഴ് ' എന്ന കഥയുടെ ആഖ്യാനപരമായ പ്രത്യേകത വിവരിക്കുക.

(2 × 10 = 20 marks)